**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 712** | **08-10-2024 - ൽ മറുപടിയ്ക്ക്**

**സൗരോർജ്ജ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്ന സൗര പദ്ധതിയുടെ നിർവ്വഹണ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് പുരപ്പുറ സോളാർ പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര നവ പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ (എം.എൻ.ആർ.ഇ.) സബ്സിഡിയോടുകൂടി നടപ്പിലാക്കിയ '**സൗര**' പദ്ധതി 23.03.2024 - ൽ പൂർത്തിയായി. സൗര പദ്ധതിയുടെ കീഴിൽ കെ.എസ്.ഇ.ബി.എൽ. മുഖേന ഫേസ് ഒന്നിലും രണ്ടിലുമായി 49,402 നിലയങ്ങൾ കമ്മീഷൻ ചെയ്തതു വഴി 203.34 മെഗാവാട്ട് വൈദ്യുതി ഗ്രിഡിലേക്കു കൂട്ടിച്ചേർക്കാൻ കഴിഞ്ഞിട്ടുണ്ട്. അനെർട്ട് മുഖേന 2,623 വീടുകളിലായി ആകെ 7.1 MW ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിച്ചു. |
| (ബി) | സംസ്ഥാനത്ത് സൗരോർജ്ജ പദ്ധതികളുടെ ആകെ സ്ഥാപിതശേഷി 2016 മേയിൽ എത്രയായിരുന്നുവെന്നും നിലവിൽ എത്രയാണെന്നുമുള്ള വിശദാംശം നൽകുമോ; | (ബി) | 2016 മെയിലെ സൗരോർജ്ജ സ്ഥാപിത ശേഷി 16.99 MW ആയിരുന്നത് നിലവിൽ ആകെ 1215.68 മെഗാവാട്ടായിട്ടുണ്ട്. |
| (സി) | റൂഫ് ടോപ് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി നടപ്പാക്കിവരുന്ന സൂര്യഘർ പദ്ധതിയിൽ രാജ്യത്ത് മികച്ച സ്ഥാനം നേടുവാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്. പ്രധാന മന്ത്രി സൂര്യ ഘർ മുഫ്ത് ബിജ്‌ലി യോജനയിൽ കണക്കുകളുടെ എണ്ണത്തിലും സബ്സിഡി റിലീസിന്റെ കാര്യത്തിലും ദേശീയ തലത്തിൽ സംസ്ഥാനം മൂന്നാം സ്ഥാനത്താണ്. 30.09.24 വരെ 35,744 സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ